## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1260** — 13.06.2013-ൽ മറുപടിയ്ക്ക്

## വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടെയും വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.മുരളീധരൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടെയും വികസനം തലസ്ഥാന നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഏതൊക്കെ റോഡുകളാണ് വികസിപ്പിക്കുന്നത് ; വ്യക്തമാക്കുമോ ; | (ബി) വട്ടിയൂർക്കാവ്-ശാസ്തമംഗലം, വട്ടിയൂർക്കാവ്-വഴയില, വട്ടിയൂർക്കാവ്-പേരൂർക്കട എന്നീ റോഡുകളാണ് വികസിപ്പിക്കുന്നത്. |
| (സി) ഈ പദ്ധതിയുടെ നിർവ്വഹണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;<br>(ഡി) പദ്ധതി എന്നു പൂർത്തിയാക്കാനാകും ; വിശദമാക്കുമോ ? | **(സി) & (ഡി) :**<br>ക്യാപിറ്റൽ റീജിയൺ ഡവലപ്മെന്റ് പ്രോഗ്രാമിന്റെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി മേൽ പറഞ്ഞ റോഡുകൾ 24 മീറ്റർ വീതിയിൽ നവീകരിക്കുന്നതിനുള്ള ഹോറിസോണ്ടൽ അലൈൻമെന്റ് പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം തയ്യാറാക്കി കഴിഞ്ഞു. പ്രസ്തുത റോഡുകളുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനും തുടർനടപടികൾക്കും കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുത്ത ശേഷം റോഡ് വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ